## സിനിമാ – ഡോക്യുമെന്ററി നിര്‍മാണം

# എസ്.ഐ.ഒ ദേശീയ ശില്‍പശാല

**സിനിമ–ഡോക്യുമെന്ററി** നിര്‍മാണത്തില്‍ പ്രവര്‍ത്തകര്‍ക്ക് പരിശീലനം നല്‍കുന്നതിനു എസ്.ഐ.ഒ മുംബൈയില്‍ ദേശീയ ശില്‍പശാല സംഘടിപ്പിച്ചു. പ്രശസ്ത ബോളിവുഡ് സംവിധായകന്‍ മഹേഷ് ഭട്ട് സംബന്ധിച്ചു. ധൈര്യമാണ് സിനിമാ നിര്‍മാതാവിന്റെ യഥാര്‍ഥ കൈമുതലെന്ന് അദ്ദേഹം പറഞ്ഞു. ബോളിവുഡും മീഡിയയും സാധാരണക്കാരന്റെ പ്രശ്നങ്ങള്‍ തമസ്കരിക്കുകയാണെന്ന് അദ്ദേഹം കുറ്റപ്പെടുത്തി. 'വാര്‍ ആന്റ് പീസ്' എന്ന ഡോക്യുമെന്ററി പ്രദര്‍ശനത്തിനുശേഷം സംവിധായകന്‍ ആനന്ദ് പട്‌വര്‍ധന്‍ ക്യാമ്പംഗങ്ങളുമായി സംവദിച്ചു. സാമൂഹിക പ്രാധാന്യമുള്ള വിഷയങ്ങളില്‍ കൈവെക്കുമ്പോള്‍ ഉണ്ടാകുന്ന തിക്താനുഭവങ്ങള്‍ അദ്ദേഹം പങ്കുവെച്ചു. അധികാരികള്‍ക്കെതിരായതൊന്നും ദേശീയ പത്ര–ഇലക്‌ട്രോണിക് മീഡിയയില്‍ വരാതിരിക്കാന്‍ സര്‍ക്കാര്‍ ശുഷ്കാന്തി കാണിക്കുന്നുവെന്ന് അദ്ദേഹം കുറ്റപ്പെടുത്തി. പ്രഫ. ബി. ദിവാകര്‍, മുഷാഹിദ് പാഷ, റഫി മഹ്മൂദ്, കുന്ദന്‍ ഷാ, ബിശ്റുദ്ദീന്‍ ശര്‍ഖി, മുഹമ്മദ് അബ്ദുര്‍റഫീഖ്, ഷാനവാസ്അലി റൈഹാന്‍ എന്നിവരും സംബന്ധിച്ചു.

## ക്ഷേത്ര നിര്‍മാണത്തിന് മുസ്‌ലിം സഹായം

ഉത്തര്‍പ്രദേശിലെ നിവാര ഗ്രാമത്തില്‍ നിര്‍ധനരായ ഹിന്ദുക്കള്‍ക്ക് ക്ഷേത്രം പണിയാന്‍ മുസ്‌ലിംകള്‍ സഹായവുമായി രംഗത്തെത്തി. 70,000/– രൂപയാണ് മുസ്‌ലിംകള്‍ പിരിവെടുത്ത് നല്‍കിയത്. ഗ്രാമമുഖ്യന്‍ റഫാഖത്ത് അലിയുടെ നേതൃത്വത്തിലാണ് സഹായ വിതരണം നടന്നത്. അദ്ദേഹം ക്ഷേത്രത്തിന്റെ ഉപദേശകന്‍ കൂടിയാണ്. ആദ്യമാദ്യം മടിച്ചുനിന്നവര്‍പോലും പിന്നീട് കൈയയച്ച് സഹായിച്ചെന്ന് അദ്ദേഹം പറഞ്ഞു. സഹായം നല്‍കിയ മുസ്‌ലിംകളെ ക്ഷേത്രസമിതി അഭിനന്ദിച്ചു.

## ബംഗ്ലാദേശ് അതിര്‍ത്തി പൂര്‍ണമായും അടക്കണം

**ഇന്ത്യ–ബംഗ്ലാദേശ്** അതിര്‍ത്തി പൂര്‍ണമായും അടക്കണമെന്ന് ആസാമിലെ എ.യു.ഡി.എഫ് പ്രസിഡന്റും ലോക്‌സഭാംഗവുമായ മൗലാനാ ബദ്റുദ്ദീന്‍ അജ്മല്‍ ആവശ്യപ്പെട്ടു. മുഖ്യമന്ത്രി തരുണ്‍ ഗഗോയിക്ക് അയച്ച കത്തിലാണ് അദ്ദേഹം ഈ ആവശ്യം ഉന്നയിച്ചത്. 'താല്‍ക്കാലിക അടച്ചു പൂട്ടല്‍ പ്രശ്നം പരിഹരിക്കില്ല. പാര്‍ലമെന്റിലെ ഉദ്ഘാടന പ്രസംഗത്തില്‍തന്നെ ഞാനിത് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ ആവശ്യം കേന്ദ്രസര്‍ക്കാറിന് മുമ്പാകെ ഉന്നയിക്കാന്‍ സംസ്ഥാന സര്‍ക്കാര്‍ തയാറാകണം – അജ്മല്‍ പറഞ്ഞു. അലിഗഢ് സര്‍വകലാശാലയുടെ ഒരു സെന്റര്‍ ആസാമില്‍ തുടങ്ങണമെന്നും മുസ്‌ലിംകള്‍ക്ക് ദേശീയാടിസ്ഥാനത്തില്‍ 10 ശതമാനം സംവരണം നല്‍കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

## മത്സരപരീക്ഷകളിലെ മുസ്‌ലിം പരാജയം പഠിക്കാന്‍ ഗവേഷണ വിദ്യാര്‍ഥികള്‍

**യു.പി.എസ്.സി,** സിവില്‍ സര്‍വീസ് പരീക്ഷാ വിജയങ്ങളില്‍ മുസ്‌ലിം പ്രാതിനിധ്യം കുറയുന്നതിന്റെ കാരണം പഠിക്കാന്‍ ജവഹര്‍ലാല്‍ നെഹ്റു സര്‍വകലാശാലയിലെ ഏതാനും മുസ്‌ലിം ഗവേഷക വിദ്യാര്‍ഥികള്‍ മുന്നോട്ട് വരുന്നു. എസ്.ഐ.ഒ കേന്ദ്ര സമിതിയംഗവും 'ജസ്റ്റ്' മീഡിയ ഗ്രൂപ്പിന്റെ കണ്‍വീനറുമായ ഉമൈര്‍ അനസിന്റെ നേതൃത്വത്തിലാണ് പഠനം നടക്കുക. 'അടുത്തിടെ ധാരാളം സ്ഥാപനങ്ങള്‍ ന്യൂനപക്ഷ വിദ്യാര്‍ഥികള്‍ക്ക് പ്രത്യേക കോച്ചിംഗ് നല്‍കിയിട്ടും റിസല്‍ട്ട് മോശമാവുന്നത് പഠന വിധേയമാക്കേണ്ടതുണ്ട്. ജാമിഅ മില്ലിയ, അലിഗഢ്, ഇന്ത്യ ഇസ്‌ലാമിക് കള്‍ച്ചറല്‍ സെന്റര്‍, സകാത്ത് ഫൗണ്ടേഷന്‍ എന്നീ സ്ഥാപനങ്ങള്‍ കോച്ചിംഗ് സെന്ററുകള്‍ നടത്തുന്നുണ്ട്. എന്നിട്ടും കഴിഞ്ഞ തവണത്തേക്കാള്‍ മോശം ഫലമാണ് ഇത്തവണ. 2009ലെ യു.പി.എസ്.സി പരീക്ഷയില്‍ 875 പേര്‍ വിജയികളായപ്പോള്‍ 21 മുസ്‌ലിംകള്‍ മാത്രമാണതിലുള്ളത്. കഴിഞ്ഞവര്‍ഷം 31 ആയിരുന്നു ഇത്. ദല്‍ഹിയിലും അലഹബാദിലുമുള്ള സെന്ററുകളിലെ ഉയര്‍ന്ന ഫീസും വിവരങ്ങള്‍ വേണ്ട രൂപത്തില്‍ ലഭിക്കാത്തതുമാകാം ഒരു കാരണം. മുസ്‌ലിം സംഘടനകള്‍ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട് – ഉമൈര്‍ അനസ് പറഞ്ഞു.

## ജയ്പൂർ സ്ഫോടനം പുനരന്വേഷിക്കണം

**അജ്മീർ** ദർഗ സ്ഫോടനത്തിൽ ഹിന്ദുത്വ ശക്തികളുടെ പങ്ക് തെളിഞ്ഞു കഴിഞ്ഞ സ്ഥിതിക്ക് 2008 മെയിലെ ജയ്പൂർ തുടർ സ്ഫോടനങ്ങളെക്കുറിച്ച് പുനരന്വേഷണം നടത്തണമെന്ന് രാജസ്ഥാനിലെ സദ്ഭാവ്മഞ്ചും എ.പി.സി.ആറും ആവശ്യപ്പെട്ടു. ഇത്രയും കാലം അന്വേഷണത്തെ വഴിതെറ്റിച്ച ഉദ്യോഗസ്ഥരെ ശിക്ഷിക്കുകയും വേണം. സദ്ഭാവ് മഞ്ച് കൺവീനർ സവായി സിംഗ്, എ.പി.സി.ആർ രാജസ്ഥാൻ കൺവീനർ പൈക്കർ ഫാറൂഖ്, ജ.ഇ സംസ്ഥാന അധ്യക്ഷൻ എഞ്ചിനീയർ സലിം എന്നിവർ പത്രസമ്മേളനത്തിൽ പങ്കെടുത്തു.

## സിവിൽ സർവീസ് പരീക്ഷ
## ഹംദർദിന് മികച്ച വിജയം

**ഇത്തവണത്തെ** സിവിൽ സർവീസ് പരീക്ഷാഫലം പുറത്തുവന്നപ്പോൾ ദേശീയ ഒന്നാം റാങ്കടക്കം മികച്ച വിജയം കൈവരിച്ച് ഹംദർദ് സ്റ്റഡി സർക്ക്ൾ മികവ് പ്രകടിപ്പിച്ചു. ഒന്നാം റാങ്ക് നേടിയ കശ്മീരി വിദ്യാർഥി ഷാഹ് ഫൈസൽ ഹംദർദിന്റെ സംഭാവനയാണ്. ഹംദർദിന്റെ ചരിത്രത്തിലെ ഏറ്റവും മികച്ച വിജയമാണ് ഇത്തവണത്തേത്. 42 വിദ്യാർഥികൾ മെയിൻ പാസായി, ഇതിൽ 18 പേർ ഇന്റർവ്യൂവിന് അർഹത നേടി. 9 പേർക്ക് അവസാന സെലക്ഷനും ലഭിച്ചു. രാജ്യത്ത് സിവിൽ സർവീസ് പാസായ മുസ്‌ലിം വിദ്യാർഥികളിൽ പകുതിയോളം പേർ ഹംദർദിൽ നിന്നായിരുന്നു. മികച്ച വിജയത്തിൽ ഹംദർദ് ചാൻസലർ സയ്യിദ് ഹാമിദും ചീഫ് അഡ്മിനിസ്ട്രേറ്റർ അതീഖ് അഹ്മദും സന്തോഷം പ്രകടിപ്പിച്ചു.

1992ലാണ് ഹംദർദ് സ്റ്റഡി സർക്ക്ൾ രൂപീകൃതമായത്. ന്യൂനപക്ഷ വിദ്യാർഥികൾക്ക് മികച്ച പരിശീലനം നൽകലായിരുന്നു ഉദ്ദേശ്യം. മികച്ച ലൈബ്രറി, താമസ സൗകര്യം, ഇന്റർനെറ്റ്, വിനോദ പരിപാടികൾ, ഭക്ഷണം, വിശാല കാമ്പസ് എന്നിവ ഹംദർദിന്റെ പ്രത്യേകതകളാണ്. താമസം, ഭക്ഷണം എന്നിവക്കായി പ്രതിമാസം 1650/- രൂപയാണ് വിദ്യാർഥികൾ അടക്കേണ്ടത്. മിടുക്കരായ വിദ്യാർഥികൾക്ക് സ്റ്റൈപന്റും ലഭിക്കും.

**അബ്ബാദ്**